# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 10-07-2014

## അധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ച് തസ്തികനിർണയിക്കുക

**– കെ എസ് ടി എ**

അധ്യാപക-വിദ്യാർത്ഥി അനുപാതം എൽ പി ക്ലാസ്സുകളിൽ 1:30 ഉം മറ്റു ക്ലാസ്സുകളിൽ 1:35 ഉം ആയിക്കുറച്ച് തസ്തികാ നിർണയം നടത്തണമെന്ന് കെ എസ് ടി എ സംസ്ഥാനകമ്മിറ്റി ആവശ്യപ്പെട്ടു. അനുപാതം 1:45 ആയി തസ്തിക നിർണയിക്കാനാണ് സർക്കാർ തീരുമാനിച്ചത്. ഇപ്രകാരം 2014-15 വർഷത്തെ തസ്തികാനിർണയം പൂർത്തിയാകുമ്പോൾ നിരവധി അധ്യാപകർ പുറത്താവും. പുറത്താക്കപ്പെടുന്നവരെ അധ്യാപക ബാങ്കിലുൾപ്പെടുത്താനാണ് സർക്കാർ തീരുമാനം. ബാങ്കിലുൾപ്പെടുന്നവർക്ക് ശമ്പളം നൽകുന്നതിനെക്കുറിച്ച് ഉത്തരവിൽ സർക്കാർ മൗനം പാലിക്കുകയാണ്.

സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തിക നിർണയിക്കുന്നതിലും കെ ഇ ആറിലെ പഴയ വ്യവസ്ഥ തുടരുകയാണ്. നിരവധി സ്പെഷ്യലിസ്റ്റ് അധ്യാപകർ തസ്തിക നഷ്ടപ്പെട്ട് പുറത്തുപോവും. ആർ ടി ഇ ആക്ടിൽ പറയുന്നതുപോലെ എല്ലാ വിദ്യാലയങ്ങളിലും സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം. 2010-11 ലെ തസ്തികകൾ തന്നെ 2013-14 ലും തുടരാൻ തീരുമാനിച്ചുവെങ്കിലും കുട്ടികൾ കൂടുതലുള്ള വിദ്യാലയങ്ങളിൽ അഡീഷണൽ തസ്തികകൾ അനുവദിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. അഡീഷണൽ തസ്തികകളിൽ മാനേജർമാർ നിയമിച്ച അധ്യാപകർ ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അവസ്ഥക്ക് പരിഹാരം കാണണം.

തസ്തിക നിർണയം സംബന്ധിച്ച് യു ഐ ഡി പ്രകാരമുള്ള കണക്കുകൾ സമർപ്പിക്കുന്നതിന് സെർവർ തകരാറുമൂലം പ്രായോഗിക വിഷമങ്ങളനുഭവപ്പെടുന്നതിനാൽ നേരത്തെ നിശ്ചയിച്ച സമയ പരിധി ദീർഘിപ്പിക്കണമെന്നും കെ എസ് ടി എ സംസ്ഥാനകമ്മിറ്റി ആവശ്യപ്പെട്ടു.

**ഏ കെ ഉണ്ണികൃഷ്ണൻ**
ജനറൽ സെക്രട്ടറി

# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

---

പ്രസിദ്ധീകരണത്തിന് ;

തിരുവനന്തപുരം, 10-07-2014

## ജനവിരുദ്ധ ബജറ്റിൽ പ്രതിഷേധം

**- കെ എസ് ടി എ**

കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ബജറ്റിലെ കോർപ്പറേറ്റനുകൂല നയങ്ങളിൽ കെ എസ് ടി എ സംസ്ഥാന കമ്മിറ്റി പ്രതിഷേധം രേഖപ്പെടുത്തി. ആദായ നികുതി കണക്കാക്കുന്ന വരുമാന പരിധി നാമമാത്രമാണ് ഉയർത്തിയത്. കേരളത്തിന്റെ വികസന പദ്ധതികളോട് സർക്കാർ പ്രകടിപ്പിക്കുന്ന അവഗണനയിൽ ശക്തമായ പ്രതിഷേധമുയർത്തണമെന്ന് കെ എസ് ടി എ സംസ്ഥാനകമ്മിറ്റി ആഹ്വാനം ചെയ്തു.

**ഏ കെ ഉണ്ണികൃഷ്ണൻ**

ജനറൽ സെക്രട്ടറി